**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി 14.02.2023

# "ചാവക്കാട് മുൻസിപ്പാലിറ്റി മുൻ കാഷ്യറേയും, പ്യൂണിനേയും വിജിലൻസ് കോടതി തടവിന് ശിക്ഷിച്ചു"

2001- 2003 കാലഘട്ടത്തിൽ തൃശ്ശൂർ, ചാവക്കാട് മുൻസിപ്പാലിറ്റിയിൽ കാഷ്യറായിരുന്ന പി.എം.ശശി, പ്യൂണായിരുന്ന എൻ.പി.പുരുഷോത്തമൻ എന്നിവർ വീട്ടുവാടക പിരിച്ച് മുനിസിപ്പാലിറ്റിയിൽ അടയ്ക്കാതെ 65,973/- രൂപ വെട്ടിച്ചതിലേക്ക് തൃശ്ശൂർ വിജിലൻസ് യൂണിറ്റ് രജിസ്റ്റർ ചെയ്ത കേസിൽ കുറ്റക്കാരാണ് കണ്ടെത്തി തൃശ്ശൂർ വിജിലൻസ് കോടതി രണ്ടുപേരെയും മൂന്ന് വർഷം തടവിനും 95,000/-രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു.

31 .03 .2001 മുതൽ 02.05.2003 വരെ ചാവക്കാട് മുനിസിപ്പാലിറ്റിയിൽ കാഷ്യറായിരുന്ന പി.എം.ശശി, പ്യൂണായിരുന്ന എൻ.പി .പുരുഷോത്തമൻ എന്നിവർ ചേർന്ന് വ്യാജ രസീത് ഉപയോഗിച്ച് ജനങ്ങളിൽ നിന്നും വീട്ടുവാടക പിരിച്ച് മുനിസിപ്പൽ ഓഫീസിൽ ഏൽപ്പിക്കാതെ സ്വന്തം ആവശ്യങ്ങൾക്കായി ഉപയോഗിച്ച് മുനിസിപ്പാലിറ്റിക്ക് 65,973/- രൂപയുടെ നഷ്ടം വരുത്തിയതിലേക്ക് തൃശ്ശൂർ വിജിലൻസ് യൂണിറ്റ് രജിസ്റ്റർ ചെയ്ത കേസിലാണ് പ്രതികൾ കുറ്റക്കാരാണെന്ന് തൃശ്ശൂർ വിജിലൻസ് കോടതി കണ്ടെത്തിയത്.

തൃശ്ശൂർ വിജിലൻസ് യൂണിറ്റ് മുൻ ഡി.വൈ.എസ്. പി ആയിരുന്ന ശ്രീ.കെ.എ. ജോർജ് രജിസ്റ്റർ ചെയ്ത കേസ് മുൻ ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ .പി.എൻ .ഉണ്ണിരാജൻ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ച കേസിലാണ് കോടതി ഇന്ന് (14.02.2023) ശിക്ഷ വിധിച്ചത്. വിജിലൻസിനു വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ.വി.കെ. ഷൈലജൻ ഹാജരായിരുന്നു.